പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.T1674 | 03.05.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**പ്ലാസ്റ്റിക് കണ്ടെയ്നറുകളിലെ കുടിവെള്ളം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എം.ഷാജി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | തീഷ്ണമായ വെയിലുംചൂടുമുള്ളപ്പോൾ കുടിവെള്ള വിതരണ കമ്പനികൾ പ്ലാസ്റ്റിക് കണ്ടെനറുകളിൽ കുടിവെള്ളം തുറന്ന വാഹനങ്ങളിൽ കൊണ്ടുപോകുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഈ പ്രവണതയ്ക്കെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും നിലപാട് സ്വീകരിച്ചിട്ടുണ്ടോ; | | ഡോ.സജീവ് ഭാസ്കർ എന്ന വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | | തീഷ്ണമായ വെയിലും ചൂടുമുള്ളപ്പോൾ പ്ലാസ്റ്റിക് കണ്ടെയ്നറുകളിൽ നിന്ന് ഏതെങ്കിലും രാസവസ്തുക്കൾ മൈഗ്രേഷൻ വഴി കുടിവെള്ളത്തിൽ എത്തുന്നുണ്ടോ എന്നറിയാൻ സമഗ്രമായ പഠനങ്ങൾ ഒന്നും തന്നെ ഭക്ഷ്യസുരക്ഷാ അതോറിറ്റി നടത്തിയിട്ടില്ല.<br>അതു കൊണ്ട് തന്നെ ടി വിഷയത്തിൽ ആധികാരമായ ഉപദേശം നൽകുന്നതിന് ഇതു സംബന്ധിച്ച ഗവേഷണങ്ങൾ നടത്തുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ് (ഐ.ഐ.പി), ബോംബെ എന്ന സ്ഥാപനത്തിന്റെ ഉപദേശം തേടിയിട്ടുണ്ട്. ഉപദേശം ലഭിച്ച ശേഷം സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ